## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 652** **30.07.2015-ൽ മറുപടിയ്ക്ക്**

# എനർജി ഇന്നൊവേഷൻ സോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. മോയിൻ കുട്ടി :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | ഊർജ്ജ കമ്മി പരിഹരിക്കുന്നതിനുള്ള പ്രായോഗിക പരിഹാര പ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകരിച്ച എനർജി ഇന്നൊവേഷൻ സോൺ എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) | എനർജി ഓപ്പൺ ഇന്നവേഷൻ സോൺ, വൈദ്യുതിയുടെ ഉത്പാദന വിതരണ പ്രസരണ മേഖലകളിൽ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പര്യാപ്തമായ നൂതന ആശയങ്ങൾ ലഭ്യമാക്കുന്നവർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്ന പ്രവർത്തനമാണ്, നടത്തുന്നത്.<br>കളമശ്ശേരിയിലുള്ള സ്റ്റാർട്ട് അപ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോണിൽ 2500 ചതുരശ്ര അടി വിസ്തൃതിയുള്ള സ്ഥലവും യുവ ഗവേഷകർക്കും സംരംഭകർക്കും വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ആശയരൂപീകരണം നടത്താനുള്ള സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി നൽകിയ സഹായ ധനത്തിന്റെ വിശദ വിവരം നൽകാമോ ; | (ബി) | എനർജി ഓപ്പൺ ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കും നവീന ആശയങ്ങളുള്ള യുവസംരംഭകർക്കുള്ള ധനസഹായവുമായി 95,80,220/- രൂപ (തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എൺപതിനായിരത്തി ഇരുനൂറ്റി ഇരുപത് രൂപ) 24.07.2015 വരെ നൽകി. |
| (സി) | ഇതുമൂലം ഉണ്ടായ നേട്ടം വിശദമാക്കുമോ ? | (സി) | വൈദ്യുതി മേഖലയിൽ നവീന ആശയങ്ങളും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നവീന ആശയങ്ങളുള്ള ആറ് പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുകയും ഒൻപത് പദ്ധതികൾ സാമ്പത്തിക സഹായത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എനർജി ഓപ്പൺ ഇന്നവേഷൻ സോൺ വഴി തെരഞ്ഞെടുക്കപ്പെട്ട |

ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള സാങ്കേതിക/ സാമ്പത്തിക സഹായമാണ് നൽകി വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട പരീക്ഷണങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. പൂർത്തിയാകുന്ന മുറയ്ക്ക് ഇതിൽ നിന്നുള്ള നേട്ടം വിലയിരുത്താനാവും.

**സെക്ഷൻ ഓഫീസർ.**